# പതിനാലാം കേരള നിയമസഭ
## (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2893** **13.03.2020-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിച്ച തുക**

| ചോദ്യം<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കുന്നില്ല. ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. എന്നാൽ വകുപ്പ് മുൻവർഷങ്ങളിൽ നടപ്പാക്കിയ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിനായി ആകെ 1823.50 ലക്ഷം രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ Open Defecation Free (ODF) ക്യാമ്പയിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 3777 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയലറ്റ് നിർമ്മാണത്തിന് അധിക ധനസഹായമായി 10,000/- രൂപ വീതം അനുവദിക്കുന്നതിന് 377.70 ലക്ഷം രൂപയും ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്.<br>നിലവിൽ ഭൂമിയുള്ള ഭവന രഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫ് മിഷനിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ഫിഷറീസ് വകുപ്പിൽ ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെയും ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |
| ബി) ഇതിനായി ലൈഫ് പദ്ധതിയിലാണോ അതോ വകുപ്പിന്റെ തനതു പദ്ധതിയിലാണോ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ലൈഫ് പദ്ധതി മുഖേനയാണ് ഭവന പദ്ധതികൾ വകുപ്പിന്റെ നടപ്പുവർഷം മുതൽ നടപ്പാക്കുക. ഭവന നിർമ്മാണത്തിനായി ഫിഷറീസ് വകുപ്പിന് മുൻവർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക 2018-19 വർഷം മുതൽ ലൈഫ് മിഷനിലേക്ക് ഭവന പദ്ധതി നിർവ്വഹണത്തിനായി മാറ്റി നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) ലൈഫ് പദ്ധതിയിലാണ് തുക അനുവദിക്കുന്നതെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ? | സി) സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ അർഹരായ എല്ലാ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കും. എന്നാൽ പട്ടികജാതി/ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെൻറിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ധനസഹായം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും അവർ വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരേയും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായിട്ടു സ്വന്തമായി വീടില്ലാത്തതുകൊണ്ട് മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ച് കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതായിരിക്കും. |

**സെക്ഷൻ ആഫീസർ**